## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 286 10/06/2013-ൽ മറുപടിക്ക്

## ആദിവാസി ഊരുകളിലെ ശിശുമരണങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. അജിത് | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | സംസ്ഥാനത്തെ എത്ര ആദിവാസി ഊരുകളിലാണ് ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്; എത്രപേർ ഇതുവരെ മരണപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കുമോ; | എ | പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിലല്ലാതെ മറ്റു ജില്ലകളിലെ ആദിവാസി കോളനികളിൽ നിന്ന് ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.<br>അട്ടപ്പാടിയിൽനിന്നും 2007 ഏപ്രിൽ മുതൽ 2013 മേയ് വരെ 92 ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |
| ബി | ആയതിനെതിരെ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | ബി | വിവിധ ദീർഘകാല-ഹ്രസ്വകാല നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്വീകരിച്ച നടപടികളുടെ സംഗ്രഹം **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| സി | മരണം സംഭവിച്ചവരുടെ ബന്ധുക്കൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ? | സി | മരണപ്പെട്ട കുഞ്ഞുങ്ങളുടെ അമ്മമാർക്കും കുടുംബാംഗങ്ങൾക്കും സാദ്ധ്യമായ എല്ലാ ആരോഗ്യ പരിരക്ഷയും ധന സഹായങ്ങളും നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

<u>അട്ടപ്പാടിയിൽ ശിശുമരണം റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് നടപ്പാക്കിയ</u>

<u>പദ്ധതികളുടെ സംഗ്രഹം</u>

1. വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഡോ. എസ്. സുബ്ബയ്യ, IAS (റിട്ട) സ്പെഷ്യൽ ഓഫീസറായി നിയമിച്ചു. മേഖലയിലെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചു വരുന്നു.
2. കോട്ടത്തറ ആശുപത്രിയിൽ അനുവദനീയമായ ഗൈനക്കോളജിസ്റ്റു അടക്കമുള്ള ഡോക്ടർമാരുടേയും, നഴ്സുമാരുടേയും മറ്റു പാരാ ജീവനക്കാരുടേയും ഒഴിവുകൾ നികത്തുന്നതിനു നടപടി സ്വീകരിച്ചു. അധികമായി ആവശ്യമായ തസ്തിക സൃഷ്ടിച്ചു.
3. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എസ്.റ്റി. പ്രമോട്ടർമാരെ ഊരുകളിൽ വിന്യസിച്ച് ഫീൽഡ്തല സർവ്വെ നടത്തി പോഷകാഹാര കുറവ്, അനീമിയ തുടങ്ങിയ രോഗ ലക്ഷണങ്ങൾ കണ്ട പട്ടികവർഗ്ഗക്കാരായ രോഗികളെ കണ്ടെത്തി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.

4. വിദഗ്ദ്ധ ചികിത്സആവശ്യമായവരെ ആശുപത്രിയിൽ എത്തിച്ചു.
5. അട്ടപ്പാടിയിലെ മുഴുവൻ പട്ടികവർഗ്ഗകുടുംബങ്ങളിലും വിശദമായ ആരോഗ്യ സർവ്വെ ഹിന്ദുസ്ഥാൻ ലാടെക്സ് ഫാമിലി പ്ലാനിംഗ് പ്രൊമോഷൻ ട്രസ്റ്റ് മുഖേന നടത്തുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്.
6. ആരോഗ്യവകുപ്പും സാമൂഹ്യനീതിവകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി ഒരു ആരോഗ്യസർവ്വേ നടത്താനും തീരുമാനിച്ചിട്ടുണ്ട്.
7. 10182 റേഷൻകാർഡുകളിൽ സാധ്യമായ 9841 കാർഡുകളും ബി.പി.എൽ ആക്കി.
8. സാമൂഹ്യനീതിവകുപ്പിലെ ഒഴിവുണ്ടായി രുന്ന അട്ടപ്പാടി ഐ.സി.ഡി.എസ് പ്രോജക്ട് ആഫീസറുടേയും, 5 സൂപ്പർവൈസർമാരുടേയും ഒഴിവുകൾ നികത്തി.
9. അംഗൻവാടി മുഖേനയുള്ള ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും, കൗമാരപ്രായക്കാർക്കും 1-6 പ്രായമുള്ള കുഞ്ഞുങ്ങൾക്കും നൽകുന്ന പൂരക ഭക്ഷണ വിതരണം ഊർജ്ജിതപ്പെടുത്തി.
10. അംഗൻവാടി വെൽഫെയർ കമ്മിറ്റികൾ മാസാമാസം കൂടി പ്രവർത്തനം കുറ്റമറ്റതാക്കാനും, വിലയിരുത്താനും നടപടിയെടുത്തു.
11. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 10 കിലോ അരി, 2 കിലോ പയർ വീതം നല്കി.
12. അടുത്ത 4 മാസത്തേയ്ക്കു പ്രതിമാസം 10 കിലോ റാഗി, 2 കിലോ ചെറുപയർ വീതവും 153 ലക്ഷം രൂപ ചെലവിൽ നൽകുന്നതിനു നടപടി സ്വീകരിച്ചു.
13. പച്ചക്കറികൃഷി വ്യാപകമാക്കുന്നതിനു സംസ്ഥാന വെജിറ്റബിൾ & ഫ്രൂട്ട്സ് പ്രമോഷൻ കൗൺസിൽ മുഖേന 1 കോടി രൂപയുടെ പദ്ധതി അനുവദിച്ചു.
14. അയൺഫോളിക് ഗുളികകൾ നൽകുന്നതിനും നടപടി സ്വീകരിച്ചു.
15. ആരോഗ്യവകുപ്പിനു കീഴിൽ അഗളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒരു ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനു നടപടി സ്വീകരിച്ചു.
16. സ്കൂളിൽ ചേരുന്നതിനു വിമുഖത കാണിക്കുന്ന പട്ടികവർഗ്ഗ കുട്ടികൾക്കും, സ്കൂൾ ഉച്ചഭക്ഷണ പരിപാടി പ്രകാരം ഉച്ചഭക്ഷണം നൽകാനും തീരുമാനിച്ചു.
17. സിക്കിൾസെൽ അനീമിയ ബാധിതർക്ക് പ്രതിമാസം 1000/- രൂപ വീതം ധനസഹായം നൽകിവരുന്നു.
18. ഗർഭിണികൾക്കും നവജാത ശിശുക്കൾക്കും പ്രതിമാസം 1000/- രൂപ വീതം ആകെ 18 മാസം ധനസഹായം നൽകുന്ന ജനനി ജന്മരക്ഷ എന്ന പദ്ധതി ആവിഷ്ക്കരിച്ചു.
19. സർക്കാർ ആശുപത്രികളിലും ഗവൺമെന്റ്/സഹകരണ മെഡിക്കൽ കോളേജുകളിലും റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, ശ്രീ ചിത്രാ ഇൻസ്റ്റിറ്റ്യൂട്ട ഓഫ് മെഡിക്കൽ സയൻസ് എന്നിവിടങ്ങളിൽ പട്ടികവർഗ്ഗക്കാർക്ക് സൗജന്യ ചികിത്സ നൽകുന്നതിനുള്ള സമഗ്ര ആരോഗ്യ പദ്ധതിയ്ക്ക് അനുമതി ലഭിച്ചു. അതനുസരിച്ച് ജില്ലാ മെഡിക്കൽ ആഫീസർമാർക്കും ഗവൺമെന്റ്/സഹകരണ മെഡിക്കൽ കോളേജ്/റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, ശ്രീ ചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് എന്നിവിടങ്ങളിലെ സൂപ്രണ്ടുമാർക്കും തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു.